**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 155** **22-07-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റയിൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽ ഫാക്ടറി കോവിഡിനെ തുടർന്ന് പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നതും നാളിതുവരെയും തുറന്ന് പ്രവർത്തനം നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന ടെക്സ്റ്റയിൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കേണ്ടത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറിയ പ്രസ്തുത സ്ഥലത്ത് യാതൊരുവിധ പ്രവർത്തനങ്ങളും നടക്കാത്ത സാഹചര്യത്തിൽ ഭൂമി തിരിച്ചു പിടിക്കുന്നതിനും കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന ടെക്സ്റ്റയിൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കേണ്ടത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ